ഇന്നുള്ളത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീമതി ഗൗരിയമ്മയും കാസർകോഡ് എം.പി. ശ്രീ. പി. കരുണാകരനും കാസർകോഡ് ജില്ലയിലെ എല്ലാ എം.എൽ.എ.മാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഫീസിൽ വെച്ച് ഇതിനെ സംബന്ധിച്ച ചർച്ച നടത്തി. അതിൽ ഉരുത്തിരിഞ്ഞുവന്നതനുസരിച്ച് ഇടവിടെ താൽക്കാലിക നിയമനം നടത്താൻ വേണ്ടി ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. അത് സ്വാഗതാർഹമായ തീരുമാനമാണ്. എന്തുതന്നെ ആയാലും അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും മറ്റ് ലേബേഴ്സിന്റേയും സ്ഥിരം നിയമനം നടത്താൻവേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിൽക്കൂടി ആവശ്യപ്പെടുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കാർഷിക സർവകലാശാലയിൽ 1127 പോസ്റ്റുകളുള്ളതിൽ 408 പോസ്റ്റുകളും ചില സാങ്കേതിക തടസ്സങ്ങളും മൂലമാണ് ഒഴിഞ്ഞു കിടക്കുന്നത്. പടന്നക്കാട് കാർഷിക കോളേജിൽ അനുവദിച്ച 35 പോസ്റ്റിൽ 18 പോസ്റ്റുകളും ഒഴിഞ്ഞുകിടക്കുകയാണ്. 64 പോസ്റ്റാണ് അവിടെ വേണ്ടത്. യു. ജി. സി. സ്കീം നടപ്പിലാക്കിയപ്പോൾ, മുമ്പ് ഈ നിയമസഭയിൽ പറഞ്ഞതുപോലെ, ചില സാങ്കേതിക തടസ്സങ്ങളും മറ്റും വന്നതിന്റെ പേരിൽ കരിയർ അഡ്വാൻസ്മെന്റിനുവേണ്ടിയുള്ള നടപടികളും എടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ കാർഷിക സർവകലാശാലയിൽ പ്രൊഫസർമാർ ഇല്ല. നിയമന തടസ്സങ്ങളും എന്തെങ്കിലും കാണും. വേറെയൊന്നുകൂടിയുണ്ട്; അവിടെ പോസ്റ്റ് ചെയ്യുന്ന ടീച്ചേഴ്സ് ആരും പോകാറില്ല; അഥവാ പോയാൽത്തന്നെ വേഗം ട്രാൻസ്ഫർ വാങ്ങി പോവുകയാണ് ചെയ്യുന്നത്. അത് പരിഹരിക്കാനുള്ള നടപടികളും വേഗമെടുക്കാൻ കാർഷിക സർവകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(5) മണ്ണാർക്കാട് താലൂക്കിലെ ആനക്കെട്ടി പ്രദേശത്ത് കേരള ബസ്സുകൾക്ക് പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം

ശ്രീ. കളത്തിൽ അബ്ദുള്ള: എന്റെ നിയോജകമണ്ഡലത്തിന്റെ അതിർത്തികളാണ് നീലഗിരി ജില്ലയും അതുപോലെതന്നെ കോയമ്പത്തൂർ ജില്ലയും. നീലഗിരി ജില്ലയിൽപ്പെട്ട കിണ്ണക്കര മുതൽ കോയമ്പത്തൂർ ജില്ലയുടെ അതിർത്തിയായ ആനക്കെട്ടി, പൂവകങ്ങൽ വരെ തമിഴ്നാട് ഗവൺമെന്റ് 30 ഓളം കിലോമീറ്റർ കൈയേറിയിരിക്കുന്നു. ഇത് കേരളത്തിലെ പ്രധാന പത്രമായ മലയാള മനോരമയിൽ വന്നതും സ്ഥലം ഞങ്ങളും പോയി കണ്ടതുമാണ്. ഇതിൽ കോയമ്പത്തൂർ ജില്ലയിൽപ്പെട്ട വീരപാണ്ടി പഞ്ചായത്തിന്റെ കൈവശമുള്ള ആനക്കെട്ടി 1988-ൽ ഷോളയാർ പഞ്ചായത്ത് നികുതി എടുത്ത സ്ഥലമാണ്. അതുപോലെ തന്നെ മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത റിക്കോർഡ് ഉള്ള സ്ഥലമാണ്. ആ പ്രദേശത്തേക്ക് ഇപ്പോൾ മലയാളികളുടെ ബസ്സുകളും, വലിയ ഒരു വ്യക്തിപരമായ അസ്വാരസ്യം മൂത്തതിന്റെ അനന്തരഫലമായി കടക്കാൻ ആനക്കെട്ടിയിലെ ആളുകളും സമ്മതിക്കുന്നില്ല. ഈ സാഹചര്യത്തിൽ ആനക്കെട്ടിയിലേക്ക് കേരള ബസ്സുകളെ പ്രവേശിപ്പിക്കാനും അതുപോലെ കോയമ്പത്തൂർ ജില്ലയിലെ വാഹനങ്ങളേയും കടത്തിവിടാനും മലയാളികളുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പുവരുത്താനും ഈ അതിർത്തികളും കേരളത്തിന് തിരിയെ കിട്ടാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മെമ്പർ പറഞ്ഞതുപോലെ വേറൊരു സാഹചര്യത്തിൽ ഞാൻ ആ സ്ഥലം സന്ദർശിച്ചതാണ്. അവിടെ തമിഴ്നാടും കേരളവും തമ്മിൽ സ്ഥലത്തിന്റെ കാര്യത്തിൽ തർക്കമുണ്ട്. ആനക്കെട്ടിയിൽ ബസ് പോകുന്നതിനുവേണ്ടി ശ്രമിച്ച സമയത്ത് അവർ ചില അക്രമ പ്രവർത്തനങ്ങളും കാര്യങ്ങളുമൊക്കെയുണ്ടാക്കി. നമ്മുടെ ബസ്സുകൾക്ക്, അവിടെ പോകാൻ കഴിയാത്ത സാഹചര്യം വന്നതിനാൽ ഷോളയാർ പഞ്ചായത്ത് അവിടെ വേറൊരു ബസ്സ് സ്റ്റാൻഡ് താൽക്കാലികമായി ഉണ്ടാക്കിയിരുന്നു. കേരള ബസ്സുകൾ ഷോളയാറിൽ അവർ ഉണ്ടാക്കിയ പുതിയ ബസ്സ് സ്റ്റാൻഡ് വരെ മാത്രമേ പോകുന്നുള്ളൂ. ഈ പറയുന്ന രണ്ട് സ്ഥലങ്ങൾ തമ്മിൽ 50 മീറ്ററിന്റെ വ്യത്യാസം മാത്രമേയുള്ളൂ. യാത്രക്കാർക്ക് വലിയ ബുദ്ധിമുട്ടുകളില്ല. പക്ഷെ അതിർത്തി സംബന്ധിച്ച പ്രശ്നങ്ങൾ അവിടെ നിലനിൽക്കുന്നുണ്ട്. മുള്ളിയിലും അതിനോട് ബന്ധപ്പെട്ട പല സ്ഥലങ്ങളിലും ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. ഞാൻ ഇന്നലെ നിയമസഭയിൽ അതിനെക്കുറിച്ച് സൂചിപ്പിച്ചതാണ്. അതിനുള്ള നടപടികൾ എടുത്തു വരികയാണ്.

(6) മയ്യഴിപ്പുഴയോരം, പുത്തൂർ പുഴയോരം, വേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിന് സമീപമുള്ള പുഴയോരം, തൃക്കാവ് പുഴയോരം എന്നിവയുടെ സംരക്ഷണം

ശ്രീ. കെ. പി. മോഹനൻ: 2001 ഒക്ടോബർ മാസം മുതൽ ഞാൻ ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട കാര്യമാണ്, വീണ്ടും സബ്മിഷനിൽക്കൂടി കൊണ്ടുവരുന്നത്. എന്റെ മണ്ഡലത്തിലെ പുഴയോരങ്ങളൊക്കെ നശിച്ചു കൊണ്ടിരിക്കുകയാണ്. അവിടത്തെ മരങ്ങൾ കടപുഴകി വീഴുകയും പുഴയോരത്തെ വീടുകൾ നശിക്കുകയും മാത്രമല്ല ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവങ്ങളുണ്ടായിട്ടുപോലും പുഴയോരം സംരക്ഷിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടായിട്ടില്ല. അതുമാത്രമല്ല, നടപടി ഉണ്ടായാൽപ്പോലും അതിന് ഫണ്ട് കിട്ടുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഇന്നലെ അവിടെയുണ്ടായ ശക്തമായ കാറ്റിലും മഴയിലും ഒരുപാട് മരങ്ങൾ നശിക്കുകയും പുഴയോരങ്ങൾ ഇടിഞ്ഞുവീഴുകയും ചെയ്തിട്ടുണ്ട്. നിർബന്ധമായിട്ടും പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി പുഴയോരങ്ങൾ കെട്ടാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ചില കാര്യങ്ങളിൽ ഗവൺമെന്റ് നടപടി എടുത്തിട്ടുണ്ട്. മയ്യഴിപ്പുഴയുടെ തീരസംരക്ഷണത്തിനു വേണ്ടി രണ്ടു പ്രവൃത്തികൾക്ക് അംഗീകാരം കൊടുത്തിട്ടുണ്ട്. കാഞ്ഞിരക്കടവ് പാലത്തിന്റെ വലതുകര സംരക്ഷണത്തിനും തുരുത്തിമുക്കു കടവിൽ മാഹി പുഴയുടെ വലതു കരയിൽ കുന്നോത്ത് ആയിഷ, മുഹമ്മദ് എന്നിവരുടെ വീടുകൾക്ക് സമീപമുള്ള പുഴയുടെ തീരസംരക്ഷണത്തിനുമുള്ള രണ്ട് പ്രവൃത്തികൾക്ക് അംഗീകാരം കൊടുത്തിട്ടുണ്ട്. അതോടൊപ്പം തന്നെ ടെണ്ടർ ചെയ്ത മറ്റ് ചില പ്രവൃത്തികളും കൂടിയുണ്ട്. ആദ്യത്തെ പ്രവൃത്തി ഏറ്റെടുത്ത് നടത്തുവാൻ കരാറുകാർ മുന്നോട്ടുവന്നിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly